പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1883 **26-10-2026-ൽ മറുപടിയ്ക്ക്**

കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി -മുട്ടിക്കുളങ്ങര റോഡ് നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി -മുട്ടിക്കുളങ്ങര റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

മറുപടി: 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് ധോണി മുട്ടിക്കുളങ്ങര റോഡിന് 09/11/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 12.66 കോടി രൂപയ്ക്കുള്ള ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി FDR സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, ആയത് അവലോകനം നടത്തി KIIFB TRC-യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ അലൈൻമെന്റിന്റെ കരട് നിർവ്വഹണ ഏജൻസി പരിശോധിച്ച് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിംഗ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04/01/2025-ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് നൽകിയിരുന്നു.

എന്നാൽ 10 മീറ്റർ വീതിയിൽ സ്ഥലം ലഭിക്കാത്തതിനാൽ KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗ് വർക്കുകൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ NATPACതയ്യാറാക്കിയ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ DBM & BC ചെയ്യുന്നതിനുള്ള 23.7 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണ ഏജൻസി പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് 06/12/2025-ലെ കിഫ്ബി ആസ്ഥാനത്ത് വച്ച് നടന്ന അവലോകനയോഗത്തിലെ തീരുമാന പ്രകാരം നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പുന:സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡ് പരിപാലനത്തിനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടുണ്ടെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ടോ; ഇതിനായി കിഫ്ബി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മറുപടി: പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടില്ല. 13.08.2026-ന് നടന്ന കിഫ്ബിയുടെ 58-ാമത് ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ/ കിഫ്ബി ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ